

# സഭ പ്രേഷിത സമൂഹം

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.**

10

## പാഠം 5

# സത്യവിശ്വാസ സംരക്ഷകർ



സത്യവിശ്വാസത്തിന്റെ ഉറവിടങ്ങൾ വിശുദ്ധ ലിഖിതവും പാരമ്പര്യങ്ങളുമാണ്. ഇവ വ്യാഖ്യാനിക്കാനും പഠിപ്പിക്കാനുമുള്ള അധികാരവും അവകാശവും സഭയ്ക്കുള്ളതാണ്. സഭയാകുന്ന അമ്മയുടെ മടിയിലിരുന്നു വേണം വചനം പഠിക്കുവാൻ.



# ശീശ്മകളും പാഷണ്ഡതകളും

സഭയുമായി ഐക്യമില്ലാതെ വിഘടിച്ചുനിൽക്കുന്നതിനാണ് ശീശ്മ എന്നുപറയുന്നത്. ക്രിസ്തീയ വിശ്വാസത്തിനെതിരായ സിദ്ധാന്തങ്ങളെ പാഷണ്ഡത എന്നുപറയുന്നു. വിശ്വാസരഹസ്യങ്ങളുമായി ബന്ധപ്പെട്ടാണു പാഷണ്ഡതകൾ രൂപപ്പെട്ടത്. സഭയുടെ സത്യവിശ്വാസ പ്രബോധനങ്ങൾ നിരാകരിച്ച് അതിന് വിരുദ്ധമായി പഠിപ്പിക്കുന്നതാണു പാഷണ്ഡത.

പരിശുദ്ധ ത്രിത്വം, പുത്രനായ ദൈവം, പരിശുദ്ധാത്മാവ് എന്നി വരെ സംബന്ധിച്ചാണുപ്രധാന പാഷണ്ഡതകൾ.

ദൈവം ഏകനായതിനാൽ പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നീ മൂന്ന് വ്യക്തികളില്ല എന്നുള്ള അബദ്ധ സിദ്ധാന്തമാണ് ,മൊണാർക്കിയനിസം.

ദൈവസ്വഭാവവും മനുഷ്യസ്വഭാവവും അതിന്റെ പൂർണ്ണതയിൽ ഒരു വ്യക്തിയിൽ സമ്മേളിക്കുക അസാധ്യമാണ്. പുത്രൻ സ്വീകരി ച്ചത് ആത്മാവില്ലാത്ത മനുഷ്യശരീരമായിരുന്നു. ദൈവത്തിന്റെ വചനം ഈ ശരീരത്തിൽ ആത്മാവായി വർത്തിച്ചു എന്നേയുള്ളൂ എന്ന് അപ്പോളിനാരിസം പഠിപ്പിക്കുന്നു.

# ആധുനിക കാലഘട്ടത്തിലെ
# അബദ്ധ പ്രബോധനങ്ങൾ

ഈശോയുടെ ദൈവത്വം നിഷേധിക്കുന്ന യഹോവ സാക്ഷികൾ ആദിമകാലഘട്ടത്തെ പാഷണ്ഡതകളായ ആര്യനിസം, മൊണാർക്കിയനിസം എന്നിവയുടെ വകഭേദങ്ങളാണ്.

# അപ്പസ്തോല പിതാക്കന്മാർ

ഒന്നാം നൂറ്റാണ്ടിലും രണ്ടാം നൂറ്റാണ്ടു പകുതിവരെയുള്ള കാലഘട്ടത്തിലും ജീവിച്ചിരുന്ന ക്രിസ്തീയ ഗ്രന്ഥകാരന്മാരെയാണ് അപ്പസ്തോലിക പിതാക്കന്മാരെന്ന് വിളിക്കുന്നത്.


## വിശ്വാസ സംരക്ഷകർ


രണ്ടാം നൂറ്റാണ്ടിൽ ക്രിസ്തുമതത്തിനെതിരായി പൊന്തിവന്ന ആരോപണങ്ങൾക്കും ഭീഷണികൾക്കുമെതിരായി സത്യവിശ്വാസം സംരക്ഷിക്കുവാൻ എഴുതുകയും പ്രവർത്തിക്കുയും ചെയ്യുന്നവരെയാണു വിശ്വാസ സംരക്ഷകരെന്ന് വിളിക്കുന്നത്.


# സഭാപിതാക്കന്മാർ


ആദ്യത്തെ ഏഴു നൂറ്റാുകളിൽ ജീവിച്ചിരുന്നവരും സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളവരും സഭയ്ക്ക് ആധികാരിക പ്രബോധനം നൽകിയിട്ടുള്ളവരുമായ വിശുദ്ധാത്മാക്കളെയാണു സഭാപിതാക്കന്മാരെന്ന് വിളിക്കുന്നത്.

1. വി. അത്തനേഷ്യസ് (295-373)
2. വി. ബേസിൽ (329-379)
3. വി. ജോൺ ക്രിസോസ്റ്റോം (344 - 407)
4. വി. അഗസ്തിനോസ് (354 - 430)






# പൗരസ്ത്യ സുറിയാനി പിതാക്കന്മാർ

അബദ്ധ സിദ്ധാന്തങ്ങൾ ബലപ്പെട്ടപ്പോൾ ദൈവീകവും ധാർമ്മീകവുമായ കാര്യങ്ങൾ പാരമ്പര്യത്തിനനുസരിച്ചു വിവരിച്ചുകൊു സുറിയാനി സഭയുടെ ഔന്നത്യം ഉയർത്തി ക്കാട്ടുവാൻ അവർ പരിശ്രമിച്ചു. ആരാധനാക്രമത്തെ ധന്യമാക്കുന്നതിനും, സുറിയാനി സഭയിലെ സന്യാസജീവി തത്തിന് ആശയും ആവേശവും പകരുന്നതിനും ഈ പിതാക്കന്മാർ ഉത്സുകരായിരുന്നു.




1. വി. അപ്രേം  (പരിശുദ്ധാത്മാവിന്റെ വീണ)

2. സാറൂഗിലെ വി. യാക്കോബ്

3. ലിസിബിസിലെ നർസായി

# ദൈവവചനം

## വായിക്കാം, ധ്യാനിക്കാം

## (1 യോഹ. 2:18-27)



# ഓർമ്മിക്കാൻ ഒരു തിരുവചനം

ഞങ്ങൾ നിങ്ങളോട് പ്രസംഗിച്ചതിൽനിന്നും
വ്യത്യസ്തമായ ഒരു സുവിശേഷം ഞങ്ങൾ തന്നെയോ
സ്വർഗത്തിൽ നിന്ന് ഒരു ദൂതൻ തന്നെയോ നിങ്ങളോടു
പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ
(ഗലാ. 1:8).

# നമുക്കു പ്രാർത്ഥിക്കാം

കർത്താവായ ഈശോയേ, തെറ്റായ പഠനങ്ങളാലും പ്രബോധനങ്ങളാലും സ്വാധീനിക്കപ്പെട്ട് സത്യവിശ്വാസത്തിൽനിന്നും വ്യതിചലിച്ചു പോകാതിരിക്കാൻ ഞങ്ങളെ സഹായിക്കണമേ.

# എന്റെ തീരുമാനം

**വിശ്വാസത്തിനും സന്മാർഗത്തിനും എതിരായ പ്രസിദ്ധീകരണങ്ങൾ ഞാൻ വായിക്കുകയില്ല.**

# സഭാപിതാക്കന്മാർ പറയുന്നത്

മനുഷ്യാവതാരം ചെയ്ത വചനത്തിന്റെ മണവാട്ടിയും പരിശുദ്ധാത്മാവിനാൽ പ്രബോധിതയുമായ തിരുസഭ വിശുദ്ധ ലിഖിതങ്ങളെപ്പറ്റി കൂടുതൽ അസാധമായ തന്റെ മക്കളെ ദൈവികവചസുകൾ കൊണ്ട് നിരന്തരം പരിപോഷിപ്പിക്കാൻ അവൾ അഗ്രഹിക്കുന്നു. ഈ കാരണത്താൽ തന്നെയാണു പാശ്ചാത്യരും പൗരസ്ത്യരുമായ വിശുദ്ധ പിതാക്കന്മാരുടെ കൃതികളും പൂജ്യമായ ആരാധനക്രമവും പഠിച്ചറിയാൻ സഭ എല്ലാവരേയും പ്രോത്സാ ഹിപ്പിക്കുന്നത് (ദൈവാവിഷ്കരണം ഉദ്ധ 24).

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* സത്യവിശ്വാസത്തിന്റെ ഉറവിടങ്ങൾ വിശുദ്ധ ഗ്രന്ഥവും പാരമ്പര്യങ്ങളുമാണ്.

* അതു വ്യാഖ്യാനിക്കാനും പഠിപ്പിക്കാനുമുള്ള അധികാരവും അവകാശവും സഭയ്ക്കുള്ളതാണ്.

* എന്നാൽ സഭയുടെ പഠനങ്ങൾക്കെതിരായ പാഷണ്ഡതകൾ സഭയുടെ ആരംഭകാലം മുതൽത്തന്നെ ഉണ്ടായിരുന്നു.



* രണ്ടാം നൂറ്റാണ്ടിൽ ക്രിസ്തുമതത്തിനെതിരായി
ഉയർന്നു വന്ന ആരോപണങ്ങൾക്കും ഭീഷണി
കൾക്കും എതിരായി സത്യവിശ്വാസം സംരക്ഷിക്കു
വാൻ എഴുതുകയും പ്രവർത്തിക്കുകയും ചെയ്തവ
രാണ് വിശ്വാസസംരക്ഷകർ.



* ആദ്യത്തെ ഏഴു നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്നവരും
സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളവരും
സഭയ്ക്ക് ആധികാരികപ്രബോധനം നൽകിയിട്ടുള്ള
വരുമായ വിശുദ്ധാത്മാക്കളെയാണു സഭാപിതാക്ക
ന്മാർ എന്നു പറയുന്നത്.

* ഇവർ സത്യവിശ്വാസത്തോടു പുലർത്തിയ വിശ്വസ്ത
തയും അടുത്ത തലമുറയ്ക്ക് അതുപകർന്നു
നൽകാൻ കാണിച്ച ശ്രദ്ധയും അനുകരണീയമാണ്.

# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* ക്രൈസ്തവവിശ്വാസത്തിൽ നിലനിൽക്കാനുള്ള ശ്രദ്ധയും താല്പര്യവും.

* സഭാപിതാക്കന്മാരോടും വിശ്വാസസംരക്ഷക രോടും ആദരവും സ്നേഹവും.

# സ്വന്തമാക്കേണ്ട ശീലങ്ങൾ

- സത്യവിശ്വാസത്തെക്കുറിച്ച് പഠിക്കുവാനുള്ള നിഷ്ഠ.

- സഭാപിതാക്കന്മാരുടെ വചനങ്ങൾ വായിക്കുന്നു.


THANK
YOU